ആശംസ

# വീണ്ടും ചില ആനക്കാര്യങ്ങൾ

**സുധീർ പണിക്കവീട്ടിൽ**




അമേരിക്കൻ മലയാളികൾക്ക് ആനകളോട് വലിയ കമ്പമാണു. അവരുടെ സംഘടനകളുടെ പേരിലും, നാവിൻതുമ്പിലും ഒരു ഗജവീരൻ നെറ്റിപ്പട്ടം കെട്ടി സദാ നിൽക്കുന്നത് കാണാം. ചില വീരപ്പന്മാരുടെ ഭീഷണിയുണ്ടെങ്കിലും ആനകൾക്ക് പൊതുവെ സൗഖ്യം തന്നെ. ആനകളുടെ മുമ്പിലുള്ള ചെണ്ട കൊട്ടിനും വളരെ പ്രാധാന്യം അമേരിക്കൻ മലയാളികൾ കൊടുക്കുന്നുണ്ട്. 'ചെണ്ട കൊട്ടിക്കുക" എന്ന ഒരു ശൈലി മലയാളത്തിൽ ഉള്ളത്കൊണ്ട് ഈ ചെണ്ടയും ചെണ്ടകൊട്ടുമൊക്കെ കേരളീയ സംസ്കാരത്തിനു ഈ നാട്ടിലെ ആളുകളുടെ ഇടയിൽ ഖ്യാതിയാണൊ അപഖ്യാതിയാണൊ ഉണ്ടാകുക എന്നറിയില്ല.

ആനകളിൽ ആരും കാര്യമായി ഗൗനിക്കാത്ത ആനയാണു ല "ആന". ഈ ആനയുടെ ശത്രു നിസ്സാരനാണെന്നു തോന്നാമെങ്കിലും അവ ഉറുമ്പുകളാണു. നമ്മുടെ കണ്ണിൽ പെട്ടെന്നു പെടാത്ത ഈ പീക്കിരികൾ അത്താഴം മുടക്കികളാണു. ഇവരുടെ യുദ്ധമുറയ്ക്ക് ഈ ലേഖകൻ "പിപീലിക ദംശനം" എന്ന പേരു കൊടുക്കുന്നു. ഇവർ എങ്ങനെ എഴുത്തുകാരെ അലട്ടുന്നുവെന്ന് നോക്കാം! . ഉറുമ്പുകൾക്ക് ആനയെ കൊല്ലാൻ കഴിവുണ്ടെന്ന് വായനക്കാർക്കറിയാമല്ലോ. എന്നാൽ ഇവിടത്തെ ഉറുമ്പുകളുടെ വിനോദം ആനയുടെ തുമ്പി കയ്യിലൂടെ കയറി ആനക്ക് തൊന്തരവു കൊടുക്കുകയും അതിനെ കൊല്ലാതെ കൊല്ലുകയുമാണു. ആന ചത്താലും പന്തീരായിരം ജീവിച്ചാലും പന്തീരായിരം എന്നു ഉറുമ്പുകൾക്ക് അറിയുമോ ആവോ? എഴുത്തുക്കാരെ നിന്ദിക്കുന്നത് അഭികാമ്യമല്ല. തെരുവിൽ അലഞ്ഞു നടന്ന ഒരു പൊട്ടക്കണ്ണനെ ഗ്രീക്കിലെ ജനത ആട്ടിയോടിച്ചു. അദ്ദേഹം ആദികവി ഹോമർ

എന്നറിയപ്പെട്ടപ്പോൾ ഏഴുനഗരങ്ങൾ അദ്ദേഹം അവരുടേതാണെന്നു വീമ്പു പറയുകയുണ്ടായി. കേരള സാഹിത്യ അക്കാദമി അവാർഡ്, കേരള സംഗീത നാടക അക്കാദമി അവാർഡ് തുടങ്ങി അനേകം വിശിഷ്ട ബഹുമതികൾ കരസ്ഥമാക്കിയ സർവ്വശ്രീ ജയൻ വർഗീസ്സും, (ഇദ്ദേഹത്തിനു അക്കാദമി അവാർഡ് രണ്ടു തവണ ലഭിച്ചു) കെ.സി. ജയനും, പ്രശസ്ത കവി ശ്രീ ചെറിയാൻ കെ.ചെറിയാനും അമേരിക്കൻ മലയാളികൾക്ക് മുഴുവൻ അഭിമാനമാണെന്ന കാര്യം ഓർക്കുക.

ലോകത്തിൽ ഒരു സമൂഹവും അവരുടെ എഴുത്തുകാരോട് ഇവിടെ യുള്ളവരെപോലെ പെരുമാറിയിട്ടുണ്ടാകില്ല. എഴുത്തുക്കാർ പല സന്ദർഭങ്ങളിലും ഇവിടെ അപഹസിക്കപ്പെട്ടിട്ടുണ്ടു. അത്തരം വിദ്ധ്വംസ ശക്തികളോട് പങ്കുചേരാതെ ചില പ്രസിദ്ധീകരണങ്ങളെങ്കിലും എന്നും എഴുത്തുകാരുടെ നന്മയും, വളർച്ചയും ലക്ഷ്യമാക്കികൊണ്ടിരുന്നു.

എന്താണീ പിപീലികദംശനം? അതിങ്ങനെ വിവരിക്കാം. ః ***കയ്യിൽ കാശുണ്ടെങ്കിൽ ആർക്കും പുസ്തകം എഴുതി പ്രസിദ്ധീകരിക്കാം, ഒന്നുമറിയാത്ത കാലമാടന്മാർ, തല്ലിപ്പൊളികൾ, ജളസമൂഹങ്ങൾ, കുതിരകളായി നടിക്കുന്ന കഴുതകൾ ഇവരൊക്കെ എഴുത്തുകാരാണെന്നും പറഞ്ഞ് നടക്കുന്നു, നാട്ടിൽ പോയി കാശ് കൊടുത്ത് അവാർഡുകൾ വാങ്ങുന്നു, ക്ര്ഷ്ണൻ നായർ എഴുതിയത് വായിച്ചില്ലേ, ഇനിയും പേന കയ്യിലെടുക്കണോ, നാട്ടിലെ പ്രസിദ്ധീകരണങ്ങളിൽ ഒന്നും വരുന്നില്ലല്ലൊ, ഇവിടെ രണ്ടെ രണ്ടു എഴുത്തുകാരേ ഉള്ളു അവരുടെ രചനകൾ നാട്ടിൽ വരുന്നുണ്ടു ബാക്കിയൊക്കെ ആ പേരും പറഞ്ഞ് നടക്കുന്നവർ, നിങ്ങളുടെ രചനകൾ ഇന്നെവരെ കണ്ടിട്ടില്ല, കണ്ടു പക്ഷെ വായിച്ചില്ല പൂച്ചയില്ലാത്തിടത്തു എലി ഗന്ധർവ്വൻ എന്ന പോലെ വായനക്കാരില്ലാത്തേടത്ത് എന്തെങ്കിലും എഴുതുന്നവർ എഴുത്തുക്കാർ, ഇങ്ങനെപോകുന്നു അമേരിക്കൻ മലയാളി എഴുത്തുക്കാർക്ക് ലുബ്ധില്ലാതെ കിട്ടുന്ന "പിപീലിക ദംശനം. ഏറ്റവും രസകരമായ സംഗതി എഴുത്തുകാരെപ്പറ്റി ഏമാന്മാർ എന്തു പറഞ്ഞാലും മാളോരു അതപ്പടി വിശ്വസിക്കുന്നതാണു. പൊതു ജനം വായിക്കാൻ തുടങ്ങിയാൽ ഈ രാജവാഴ്ച്ചക്കറുതി വരും. മറിച്ച് സ്കൂളിൽ പഠിക്കുന്ന കാലത്ത് വായിച്ചിട്ടില്ല എന്നിട്ടല്ലേ ഈ വയസ്സാൻ കാലത്ത് എന്ന നിലപാടു ജനങ്ങളും എടുത്താൽ എഴുത്തുകാരുടെ കാര്യം നമ്പൂരി പറയുന്ന പോലെ "കുന്തസ്യ". ഇവിടെ പലരും ഒരു പക്ഷെ ധരിക്കുന്ന പോലെ നാട്ടിൽ എഴുതുന്നവർ മുഴുവൻ നല്ല എഴുത്തുകാരല്ല. ചുരുക്കം പേർക്കെ അംഗീകാരങ്ങളും ബഹുമതികളും ലഭിക്കുന്നുള്ളു. അത് കൊണ്ട് അവർ മാത്രം എഴുതുകയും മറ്റുള്ളവർ എഴുതാതിരിക്കുകയും ചെയ്യുന്നില്ല. ഈ ലേഖകൻ മുമ്പ് സൂചിപ്പിച്ചിട്ടുള്ള പോലെ എഴുത്തുകാരിൽ നിന്നും എഴുത്തുകാരെ തിരിച്ചറിയണം. എല്ലാവരേയ്യും ഒരു നുകത്തിൽ കെട്ടികൊണ്ടുള്ള അഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്നത് ശരിയല്ല.

നിരൂപണം ഒരു കലയാണെന്നു മനസ്സിലാക്കാത്തവർ പരദൂഷണവും, നിരൂപണവും ഒന്നാണെന്ന ധാരണയിൽ പുലമ്പുന്ന അപശബ്ദങ്ങളും എഴുത്തുകാരുടെ ഏകാഗ്രത നഷ്ടപ്പെടുത്തുന്നവയാണു.നിരൂപണവും ലേഖനവും വേർതിരിച്ചറിയാൻ

കഴിയാത്തവർ നിരൂപകനെ ലേഖകനാക്കുന്നു. അതു വായിക്കുന്നവരും തെറ്റു മനസ്സിലാക്കുന്നില്ല. അന്ധന്മാർ അന്ധരെ നയിക്കുന്ന അവസ്ഥ.

ഈ പിപീലിക ദംശനത്തിൽ നിന്നും "ആന"യെ രക്ഷിക്കാൻ വർഷം തോറും കൊണ്ടാടുന്ന ത്രിദിന പൂരങ്ങൾ ഫലപ്രദമായേക്കാം. പൂരത്തിനു നല്ല വെടിക്കെട്ടുണ്ടെങ്കിൽ ഉറുമ്പുകൾ ദഹിച്ചുപോകും!! ഉറുമ്പുകൾക്കും ജീവിക്കാൻ അവകാശമുണ്ടെന്നും അതിനു വേണ്ടി അവർക്ക് ചിലപ്പോൾ കടിക്കേണ്ടി വരുമെന്നും സമ്മതിച്ചുകൊടുത്താൽ കൂടി ആനക്ക് ഉപദ്രവമില്ലാതെ നോക്കേണ്ടത് പാപ്പാന്മാരുടെ ഉത്തരവാദിത്വമാണു.

നവമ്പർ 29,30, ഡിസമ്പർ 1 തിയ്യതികളിൽ ചിക്കാഗോയിൽ വച്ച് ലാന നടത്തുന്ന വാർഷികാഘോഷം മൂന്നു ദിവസം വരുന്നവർക്ക് വയറിനുള്ള വിരുന്നായി മാറാതെ ഇവിടത്തെ എഴുത്തുകാരുടെ രചനകളേയും, അവരുടെ സർഗ്ഗ ശക്തിയേയും ഭാവിയേയുംപ്പറ്റി ഒരു കരട് രൂപമെങ്കിലും കൊടുക്കാൻ സാധിക്കുന്നതായിരിക്കണം. എഴുത്തുക്കാരേയും അവരുടെ രചനകളേയും കുറിച്ച് പരന്നിട്ടുള്ള (***നാലാമത്തെ ഖണ്ഡിക കാണുക) അപവാദങ്ങളുടെ ഉറവ കണ്ടെത്തി അതു വറ്റിക്കാനുള്ള ഒരു ശ്രമമെങ്കിലും നടത്തേണ്ടതാണു. പണം മുടക്കി അവിടെ വരുന്നവർ അതിനു പകരം എന്തു കിട്ടി എന്നു തീർച്ചയായും ചിന്തിക്കും. ഭക്ഷണവും പരസ്പരം കണ്ടുമുട്ടുമ്പോൾ പറഞ്ഞാലും പറഞ്ഞാലും തീരാത്ത ഒത്തിരി പരദൂഷണങ്ങളും ഒഴിച്ചു കൂടാൻ വയ്യാത്തതാണെങ്കിലും പങ്കെടുക്കുന്നവർ ആ തിരക്കിൽ അൽപ്പം നേരം സാഹിത്യാവലോകനം നടത്തുന്നത് നല്ലതാണു ഒരു സാഹിത്യ സംഘടനയുടെ സമ്മേളനം സുകുമാരകലകളുടെ സമ്മിശ്രാഘോഷം ആകണം. അമേരിക്കൻ മലയാളി എഴുത്തുകാരെ ഇവിടത്തെ ജനം തിരിച്ചറിയണം. അതിനുള്ള വാതായനങ്ങൾ ലാനക്ക് തുറക്കാൻ കഴിയണം.നാട്ടിലെ പ്രശസ്ത എഴുത്തുകാരേയും മണമറഞ്ഞ മഹാന്മാരായ എഴുത്തുകാരേയും കുറിച്ചുള്ള അപദാനങ്ങൾ പാടുന്നതിനെക്കാൾ അമേരിക്കൻ മലയാള സാഹിത്യത്തെക്കുറിച്ചുള്ള ചർച്ചകളാണു അഭിലഷണീയം. അത്തരം ചർച്ചകളിലൂടെ ഇവിടത്തെ വായനക്കാർ (നിർഭാഗ്യവശാൽ അവർ എഴുത്തുകാരെക്കാൾ കുറവാണെങ്കിലും) ഇവിടെയുള്ള എഴുത്തുകാരുടെ രചനകളെ കുറിച്ച് മനസ്സിലാക്കും. ഈ ലേഖകൻ ഇവിടത്തെ ചില എഴുത്തുകാരുടെ രചനകളെകുറിച്ച് സംസാരിച്ചപ്പോൾ പലരും അങ്ങനെ ഒരു കാര്യം അറിയില്ലെന്ന് തുറന്നു സമ്മതിച്ചു. അതിൽ നിന്നും എന്താണു മനസ്സിലാകുന്നത്. എല്ലാവരും "കാലമാടൻ" തല്ലിപൊളി" എന്ന ഉറുമ്പ് കടിയുടെ ഇരകളാണെന്നാണു. അതായ്ത് അമേരിക്കൻ മലയാളി എഴുത്തുകാരുടെ രചനകൾ ഒന്നും നല്ലതല്ലെന്ന മുൻവിധി.

സമ്മേളനത്തിൻെറ ചുക്കാൻ പിടിക്കുന്നവർ പ്രഗത്ഭരാണു. അവർ മുമ്പൊരുക്കിയ ലാന വാർഷികങ്ങൾ വമ്പിച്ച വിജയമാക്കിയപോലെ പുതിയ ഭാരവാഹികളുമായി ഇത്തവണയും ഭംഗിയാക്കുമെന്നു പ്രതീക്ഷിക്കുന്നു. ഈ സംരംഭത്തിൻെറ പിറകിൽ പ്രവർത്തിക്കുന്ന ലാനയുടെ എല്ലാ ഭാരവാഹികൾക്കും വിജയാശംസകൾ നേരുന്നു.

സമ്മേളനത്തിൻെറ അദ്ധ്യക്ഷനായി നാട്ടിൽ നിന്നും എത്തുന്ന ശ്രീ പെരുമ്പടവം ശ്രീധരനും മറ്റ് മാന്യ അതിഥികൾക്കും ലാനയുടെ വാർഷികാഘോഷത്തിനും സർവ്വവിധ മംഗളങ്ങളും ആശംസിച്ച്കൊള്ളുന്നു.

**ശുഭം**